Draft #1 of File 3117/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 08-Jan-2022 09:38 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

3117/AC A1-2/2022/AC A 1 08.01.2022

## പരിപത്രം

| | |
|---|---|
| വിഷയം :- | ദേശീയ സമ്മതിദായക ദിനാചരണത്തോടനുബന്ധിച്ച് ഇലക്ഷൻ വകുപ്പ് സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന ഷോർട്ട് ഫിലിം മത്സരം --അറിയിപ്പ് നൽകുന്നത്-സംബന്ധിച്ച്:- |

സൂചന:1.)04.01.2022-ൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്രമം നമ്പർ DCKTM/74/2022-EI

25.01.2022 - ലെ ദേശീയ സമ്മതിദായക ദിനാചരണത്തോടനുബന്ധിച്ച് ഇലക്ഷൻ വകുപ്പ് സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ , മൊബൈൽ ഫോണിൽ ചിത്രീകരിച്ച, "Inclusive & Participatory Election " എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയതും , 3 മിനിറ്റിൽ അധികരിക്കാത്തതുമായ ഹ്രസ്വ ചിത്രത്തിന്റെ പെൻഡ്രൈവിലാക്കിയ കോപ്പി 12.01.2022 ബുധനാഴ് ച്ച വൈകിട്ട് 5 മണിക്ക് മുൻപായി, കോട്ടയം ജില്ലാ ഇലക്ഷൻ വിഭാഗത്തിൽ എത്തിക്കേണ്ടതാണെന്ന് സൂചന (1) പ്രകാരം നിർദേശം ലഭിച്ചിരിക്കുന്നു. ടി നിർദേശം സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളും പഠന വകുപ്പുകളും വിദ്യാർത്ഥികളെ അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾ അടങ്ങിയ സൂചന(1) നടപടിക്കുറിപ്പ് ഇതോടൊപ്പം ചേർക്കുന്നു.

ഉള്ളടക്കം:-സൂചന(1) നടപടിക്കുറിപ്പ്

**കാഞ്ചന എൻ നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I ( അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ(കോട്ടയം ജില്ലാ)/പഠന വകുപ്പുകൾ /സെൻററുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.പരീക്ഷ/ അക്കാദമിക്/ ഫിനാൻസ് സെക്ഷനുകൾ
6.പി.ആർ.ഒ./എൻക്വയറി / ഐ.ക്യൂ.എ .സി / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 3117/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 08-Jan-2022 09:38 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>നമ്പർ : DCKTM/74/2022-E1</u>**

<u>**മിനിട്സ്**</u>

25.01.2022 ലെ ദേശീയ സമ്മതിദായക ദിനാചരണത്തോടനുബന്ധിച്ച് ഇലക്ഷൻ വകുപ്പ് സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന പോസ്റ്റർ ഡിസൈൻ, ഷോർട്ട് ഫിലിം എന്നീ മത്സരങ്ങളുടെ ജില്ലാതലത്തിലുള്ള സംഘാടനത്തെ കുറിച്ച് ആലോചിക്കുന്നതിനായി 2022 ജനുവരി 4-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടി വിവരം.

യോഗത്തിൽ പങ്കെടുത്തവർ

1. ഡോ. പ്രശാന്ത്, ഡെപ്യൂട്ടി ഡയറക്ടർ, കോളേജിയേറ്റ് എഡ്യൂക്കേഷൻ, കോട്ടയം
2. ശ്രീമതി. സുജയ എൻ., ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, കോട്ടയം
3. ശ്രീ. സിബിമോൻ പി.പി., അക്കൗണ്ട്സ് ഓഫീസർ, O/o റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, കോട്ടയം
4. ഡോ. രേഖാ രാജ്, എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ, എം.ജി.യൂണിവേഴ്സിറ്റി
5. ശ്രീ. അശോക് അലക്സ് ലൂക്ക്, നോഡൽ ഓഫീസർ, SVEEP
6. ശ്രീമതി. ശ്രീലേഖ കെ.ബി., എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോട്ടയം
7. ശ്രീ. ജിയോ റ്റി. മനോജ്, ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), കോട്ടയം
8. ശ്രീ. ജി. പ്രശാന്ത്, ജൂണിയർ സൂപ്രണ്ട്, ഇലക്ഷൻ

3 മണിയ്ക്ക് ആരംഭിച്ച യോഗത്തിലേക്ക് ഡെപ്യൂട്ടി കളക്ടർ ഏവരെയും സ്വാഗതം ചെയ്തു. തുടർന്ന് 2022 ലെ ദേശീയ സമ്മതിദായ ദിനാഘോഷത്തോടനുബന്ധിച്ച് ഇലക്ഷൻ വകുപ്പ് സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന പോസ്റ്റർ ഡിസൈൻ, ഷോർട്ട് ഫിലിം എന്നീ മത്സരങ്ങൾക്കായി ജില്ലാതലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ച് ജില്ലാതലത്തിൽ 1, 2, 3 സ്ഥാനങ്ങളിൽ എത്തിയ വിജയികളുടെ പേരും മറ്റ് അനുബന്ധ വിവരങ്ങളും 15.01.2022 ന് മുമ്പായി ചീഫ് ഇലക്ടറൽ ഓഫീസിൽ എത്തിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ യോഗത്തെ അറിയിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ ഷോർട്ട് ഫിലിം മത്സരത്തിനായി ഒരു കോളേജിൽ നിന്നും ഒരു എൻട്രി എന്ന ക്രമത്തിൽ മത്സരത്തിന്റെ വിശദ വിവരങ്ങൾ കോട്ടയം ജില്ലയിലെ എല്ലാ ഗവ/എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകളിലും അറിയിക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർ, കോളേജിയേറ്റ് എഡ്യൂക്കേഷൻ, എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ, സ്വീപ്പ് കോ-ഓർഡിനേറ്റർ എന്നിവരെ ചുമതലപ്പെടുത്തി. മൊബൈൽ ഫോണിൽ ചിത്രീകരിച്ച **"Inclusive & Participatory Election"** എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയതും 3 മിനിറ്റിൽ അധികരിക്കാത്തതുമായ ഹ്രസ്വ ചിത്രത്തിന്റെ പെൻഡ്രൈവിലാക്കിയ കോപ്പി **12.01.2022 ബുധനാഴ്ച വൈകിട്ട് 5 മണിയ്ക്ക്** മുൻപായി ജില്ലാ ഇലക്ഷൻ വിഭാഗത്തിൽ എത്തിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. 12.01.2022 ബുധനാഴ്ച വൈകിട്ട് 5 മണിയ്ക്ക് ശേഷം ലഭിക്കുന്ന ഹ്രസ്വ ചിത്രങ്ങൾ ഫലനിർണ്ണയത്തിനായി പരിഗണിക്കുന്നതല്ല. ഷോർട്ട് ഫിലിമിന്റെ വിധി നിർണ്ണയത്തിനായി കെ.ആർ. നാരായണൻ മെമ്മോറിയൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കോട്ടയം ജില്ലയിലെ ഗവ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി **2022 ജനുവരി 11-ാം തീയതി രാവിലെ 11 മണിയ്ക്ക്** എം.ഡി.എച്ച്.എസ്.എസ്., കോട്ടയത്ത് വച്ച് **"Inclusive & Participatory Election"** എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ ഡിസൈൻ മത്സരം നടത്തുവാനും ആയതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ എന്നിവരെ ചുമതലപ്പെടുത്തി. ടി മത്സരത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ തങ്ങളുടെ എൻട്രി വിവരങ്ങൾ **09.01.2022 വൈകിട്ട് 5 മണിയ്ക്ക്** മുമ്പായി ബന്ധപ്പെട്ട സ്ഥാപന മേധാവി മുഖേന ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷന് നൽകി രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുത മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ പോസ്റ്റർ ഡിസൈൻ ചെയ്യുന്നതിനുള്ള ആർട്ട് പേപ്പറുകളും അനുബന്ധ സാമഗ്രികളും (വരയ്ക്കുവാനാവശ്യമായ പെൻസിൽ, പേന, ബ്രഷുകൾ, കളറുകൾ എന്നിവ) കൊണ്ടു വരേണ്ടതാണ്. മത്സരത്തിന്റെ സമയ ദൈർഘ്യം ഒരു മണിക്കൂറായിരിക്കും. മത്സരം തുടങ്ങുന്നതിന് മുമ്പ് മത്സരാർത്ഥികളായ കുട്ടികൾ 8 മുതൽ 12-ാം ക്ലാസ്സ് പഠിക്കുന്ന വിദ്യാർത്ഥികളാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്. മത്സരത്തിന്റെ വിധിനിർണ്ണയത്തിനായി ടി വിഷയത്തിൽ വിദഗ്ധരായ വിധികർത്താക്കളെ കണ്ടെത്തി ടി ആളുകളെ ഉപയോഗിച്ച് മത്സരദിവസം തന്നെ ഫലനിർണ്ണയം നടത്തി ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് അർഹരായ കുട്ടികൾ തയ്യാറാക്കിയ പോസ്റ്ററുകൾ കുട്ടികളുടെ വിശദ വിവരങ്ങൾ സഹിതം ജില്ലാ ഇലക്ഷൻ ഓഫീസർക്ക് കൈമാറുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷനെ ചുമതലപ്പെടുത്തി. ടി മത്സരത്തിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ സ്റ്റാഫ്/അധ്യാപകരെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ കണ്ടെത്തി നിയമിക്കേണ്ടതാണ്.

ജില്ലാതല മത്സര വിജയികൾക്ക് ജനുവരി 25-ാം തീയതി നടക്കുന്ന ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ ജില്ലാതലചടങ്ങിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതിന് യോഗം തീരുമാനിച്ചു.

യോഗം 04.40 ന് പര്യവസാനിച്ചു.

(ഒപ്പ്)

ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ)

അംഗീകാരത്തോടെ

ജൂണിയർ സൂപ്രണ്ട്

പകർപ്പ് : യോഗത്തിൽ പങ്കെടുത്ത എല്ലാ ആളുകൾക്കും